# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2022-2027

# ചോമ്പാൽ എം. എൽ. പി. സ്കൂൾ



# ആമുഖം

**കാ**ലഘട്ടത്തിനനുസരിച്ചുള്ള മാറ്റങ്ങൾ ഉൾക്കൊണ്ടു കൊണ്ടാണ് ചോമ്പാൽ എം.എൽ.പി സ്കൂൾ പ്രവർത്തിക്കുന്നത്. സൗകര്യപ്രദമായ ക്ലാസ്റൂമും കളിസ്ഥലവും, കുടിവെള്ള സൗകര്യവും കൃത്യമായ ആസൂത്രണത്തോടെയുള്ള അക്കാദമിക പ്രവർത്തനങ്ങളും ഞങ്ങൾക്കുണ്ട്. വൻകിട വിദ്യാഭ്യാസ സ്ഥാപനങ്ങളോട് അക്കാദമിക രംഗത്തെ പ്രവർത്തനങ്ങൾ കൊണ്ട് മത്സരിക്കാനുള്ള കരുത്തും ഇന്ന് ഈ വിദ്യാലയത്തിനുണ്ട്. അക്കാദമിക രംഗത്തെ എല്ലാ വെല്ലുവിളികളും ഏറ്റെടുക്കാനും വിദ്യാലയത്തിൽ പ്രവേശനം നേടുന്ന എല്ലാ വിദ്യാർത്ഥികളുടേയും കഴിവുകൾ തിരിച്ചറിഞ്ഞ് മികവിലേക്കുയർത്താനും പ്രശ്നങ്ങൾ പരിഹരിച്ച് മുന്നേറാനുള്ള സാധ്യതയും ഞങ്ങൾ ഒരുക്കുന്നു.

ഈ മാസ്റ്റർ പ്ലാനിലൂടെ ലക്ഷ്യമിടുന്നത് അക്കാദമിക രംഗത്തെയും വിദ്യാലയ പരിസരത്തെയും റിസോഴ്സ് പേഴ്സണിനെയും രക്ഷാകൃത്യ സമിതിയേയും ഒരുമിപ്പിച്ചു കൊണ്ട് അക്കാദമിക രംഗത്തെ സമ്പുഷ്ടമാക്കാനുള്ള പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ടാണ് ഈ മാസ്റ്റർപ്ലാൻ തയ്യാറാക്കിയത്. ഇത് നടപ്പിലാക്കാനുള്ള എല്ലാ ഉത്തരവാദിത്വവും ഏറ്റെടുത്തുകൊണ്ട് വിദ്യാലയത്തിന്റെ അഭിവൃദ്ധിക്ക് വേണ്ടി പ്രയത്നിച്ച മനസുകൾക്ക് മുമ്പിൽ ഇത് സമർപ്പിക്കുന്നു.

# സ്കൂളിന്റെ ചരിത്രം

1929ൽ വീരോളി മമ്മു എന്ന വിദ്യാഭ്യാസ തൽ പരനായ ആളാണ് ചോമ്പാൽ മാപ്പിള എൽ.പി.സ്കൂൾ സ്ഥാപിച്ചത്. ന്യൂനപക്ഷ സമുദായത്തിൽപ്പെട്ട ആളുകളുടെ വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥ മാറ്റി എടുക്കുവാൻ വേണ്ടിയായിരുന്നു അന്ന് അദ്ധേഹം മുതിർന്നത്. നീണ്ട 88 വർഷക്കാലത്തെ പ്രവർത്തന പാരമ്പര്യമുള്ള ചോമ്പാൽ മാപ്പിള എൽ.പി സ്കൂളിൽ പഠനം പൂർത്തിയാക്കി സമൂഹത്തിന്റെ വിവിധ മേഖലകളിൽ ഉയർന്ന സ്ഥാനം കരസ്ഥമാക്കിയ ഒട്ടേറെ വിദ്യാർത്ഥികൾ നമ്മുടെ അഭിമാനമാണ്.

തുടക്കം മുതൽ വളരെയേറെ വിദ്യാർത്ഥികൾ ഈ സ്ഥാപനത്തിൽ പഠിച്ചിരുന്നു. മാറിയ വിദ്യാഭ്യാസ രീതിയെ തുടർന്നും ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന് പിറകെ പോകുന്ന ഒരു സംസ്ക്കാരം പിൽക്കാലത്ത് നാടുമുഴുവൻ പടർന്നു പന്തലിച്ചതിനെ തുടർന്നും നമ്മുടെ വിദ്യാഭ്യാസത്തിലും വിദ്യാർത്ഥികളുടെ എണ്ണത്തിൽ കുറവുണ്ടായി. സ്കൂളിന്റെ അഭിവൃദ്ധി മാത്രം ലക്ഷ്യമിട്ട അദ്ധേഹത്തിന്റെ പുത്രനായ ജനാബ് വീരോളി മൊയ്തു എന്ന മാതൃകാധ്യാപകൻ കുറേയേറെ ചരിത്രമുള്ള നമ്മുടെ വിദ്യാലയം പൂട്ടുവാൻ ഇടവരുത്തരുത് എന്ന് കരുതി ചോമ്പാൽ കുഞ്ഞിപ്പള്ളി പരിപാലന കമ്മിറ്റിക്ക് നാമമാത്രമായ തുകക്ക് സ്കൂൾ കൈമാറുകയുണ്ടായി.

1997ൽ ജനാബ് മൊയ്തു മാസ്റ്ററിൽ നിന്നും സ്കൂളിന്റെ ഉടമസ്ഥാവകാശം ഏറ്റെടുത്ത പ്രസ്തുത കമ്മിറ്റി ഇന്ന് ഇവിടെ ഉണ്ടായ മുഴുവൻ അഭിവൃദ്ധിക്കും പ്രധാനപ്പെട്ട ഒരു ഭാരവാഹിയാണ്. നമ്മുടെ രക്ഷിതാക്കളും

അധ്യാപകരും വിദ്യാർത്ഥികളും പൂർവ്വ വിദ്യാർത്ഥികളും മാനേജ്മെന്റും സ്കൂളിന്റെ നാനോന്മുഖമായ പുരോഗതിക്കായുള്ള കഠിന പരിശ്രമത്തിലാണ്

കഴിഞ്ഞ വർഷത്തെ കഠിന പരിശ്രമത്തിന്റെ ഫലമായി സ്കൂളിന് ഭൗതികമായ ഒരുപാട് മാറ്റങ്ങൾ വന്നു ചേർന്നിട്ടുണ്ട്. അക്കാദമികമായ ഉന്നമനത്തിനായി ഈ വർഷം മുതൽ *5* വർഷത്തേക്കുള്ള ഒരു അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയാണ് ലക്ഷ്യം. പ്രീ-പ്രൈമറി ടീച്ചേഴ്സ് അടക്കം ഞങ്ങൾക്ക് *6* അധ്യാപകരും *54* കുട്ടികളുടെ രക്ഷിതാക്കളും സ്കൂൾ വികസനത്തിൽ തല്പരരായ സമീപവാസികളും അടങ്ങുന്ന ഒരു സംഘം തന്നെ ഇതിനായി മുന്നിട്ടിറങ്ങിയിട്ടുണ്ട്.

# പൊതുലക്ഷ്യങ്ങൾ

- ✓ ഒന്ന് മുതൽ നാല് വരെയുള്ള ക്ലാസുകളിൽ നിന്ന് കുടി ആർജി ക്കേണ്ട പഠനനേട്ടം പൂർണതയിൽ ലഭ്യമാക്കും.
- ✓ വ്യത്യസ്ത നിലവാരത്തിലുള്ള കുട്ടികൾക്ക് ആവശ്യമായ പഠനസന്ദർ ഭങ്ങൾ ഒരുക്കും.
- ✓ കുട്ടികളുടെ സർഗ്ഗപരവും അക്കാദമികവും കായികവുമായ കഴിവു കൾ പരമാവധി പ്രോത്സാഹിപ്പിച്ച് നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്ത രാക്കും.
- ✓ സ്കൂളിലെ മുഴുവൻ വിദ്യാർത്ഥികൾക്കും മലയാളം എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പ് വരുത്തും.
- ✓ പ്രായോഗിക പ്രശ്നങ്ങളും ചതുഷ്ക്രിയകളും കൈകാര്യം ചെയ്യാൻ എല്ലാ കുട്ടികളേയും പ്രാപ്തരാക്കും.
- ✓ എല്ലാ കുട്ടികൾക്കും കമ്പ്യൂട്ടർ പരിജ്ഞാനം ഉറപ്പ് വരുത്തും.

# മലയാളം

വായിച്ചു വളരുക, ചിന്തിച്ച് വിവേകം നേടുക എന്ന മഹത് വചനത്തിന് വേണ്ടി വിദ്യാർത്ഥി സമൂഹത്തെ വായനയുടെയും എഴുത്തിന്റെയും പാതയിലേക്ക് നയിക്കാൻ ഒരു മഹത് സംരംഭം. വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികളെയും മികച്ച വായനക്കാരാക്കുക ഒപ്പം എഴുത്തുകാരാക്കുക – ഈ ലക്ഷ്യം നേടുന്നതിനായി പിന്നോക്കം നിൽക്കുന്നവരെ കൂടി മുൻ ധാരയിലെത്തിച്ച് വായനയും എഴുത്തും ഒരു ദിവ്യാനുഭവമാക്കി വിദ്യാലയത്തെ ഒരു സർഗ്ഗ പ്രപഞ്ചമാക്കി മാറ്റുവാനുള്ള നൂതന സംരംഭം.

## ലക്ഷ്യങ്ങൾ

- എല്ലാവർക്കും എഴുത്തും വായനയും
- വായനക്കൂട്ടം, എഴുത്ത് കൂട്ടം
- ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി
- ഗ്രന്ഥാലയ അംഗത്വം
- മലയാളത്തിന്റെ വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ
- ദിനാചരണവുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത കണ്ടെത്തുക.
- എഴുത്തിന്റെ വിവിധ തലങ്ങൾ പരിചയപ്പെടുക.
- സാഹിത്യകാരന്മാരുമായി അഭിമുഖം സംഘടിപ്പിക്കൽ

# പ്രവർത്തനങ്ങൾ

1. മലയാളത്തിളക്കം (Pre-test)
   പ്രീടെസ്റ്റ് നടത്തുന്നു, പിന്നാക്കക്കാരെ കണ്ടെത്തി

2. അക്ഷരം ഉറപ്പിക്കൽ

   ചിത്രങ്ങളിലൂടെ അക്ഷരങ്ങൾ ഉറപ്പിക്കുന്നു.

3. അടയാളം ഉറപ്പിക്കൽ

   ചിത്ര സഹായത്താൽ അടയാളങ്ങൾ ചിഹ്നങ്ങൾ എന്നിവ ഉറപ്പിക്കൽ

4. അക്ഷര കാർഡ്- വാക്കുകൾ എഴുതിയ കാർഡ്

   അക്ഷര കാർഡിലൂടെ വാക്കുകൾ രൂപികരിക്കൽ, വാക്കുകളിലൂടെ വാക്യങ്ങൾ രൂപീകരിക്കൽ

5. ചിത്രം അടിക്കുറിപ്പ്

   ചിത്രം നൽകൽ അടിക്കുറിപ്പ് പറയിപ്പിക്കൽ –അധ്യാപികയുടെ സഹായത്തോടെ എഴുതൽ

6. കഥ- ബാക്കി- പറയൽ എഴുതൽ

   ഒരു കഥ യുടെ കുറച്ച് ഭാഗം നൽ കുന്ന് ബാക്കി പറയിപ്പിക്കുന്നു, എഴുതുന്നു.

7. കഥ പുസ്തകം നൽകൽ

   വായന കുറിപ്പ് തയ്യാറാക്കൽ

8. C D പ്രദർശനം

   ചിത്രങ്ങൾ അടങ്ങിയ CD പ്രദർശിപ്പിക്കുന്നു. ഓരു ചിത്രത്തെയും കുറിച്ച് പറയാനവസരം– ഏഴുതാനവസരം

9. ഭിന്നശേഷിക്കാരെ പരിഗണിക്കൽ

   ഭിന്നശേഷിക്കാർക്കായി പ്രത്യേകം പ്രവർത്തന പാക്കേജ് ഈറ്റ് അധ്യാപകരുടെ സേവനം

CMLPS

10. <u>ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ</u>

ക്ലാസ്സിലെ മുഴുവൻ കുട്ടികളെയും 5 പേർ അടങ്ങുന്ന ഗ്രൂപ്പാക്കുന്നു. എത്ര പുസ്തകം വായിക്കാം,വായനാക്കുറിപ്പ് പുസ്തകം എങ്ങനെ തെരെഞ്ഞെ ടുക്കാം(പഠന ഭാഗവുമായി ബന്ധപ്പെട്ടവ) ചർച്ച വായനാക്കുറിപ്പ് അസംബ്ലി, ആകാശവാണി ബാലസന്ധ്യ എന്നിവ യിൽ അവതരിപ്പിക്കാനവസരം.

11. <u>ക്ലാസ് ലൈബ്രറി രൂപീകരിക്കൽ</u>

കുട്ടികളുടെ സഹായത്തോടെ വായനയ്ക്ക് സഹായകമായ പുസ്ത കങ്ങൾ അടങ്ങുന്ന ഒരു ക്ലാസ് ലൈബ്രറി സജ്ജീകരണം.

12. <u>സ്കൂൾ ലൈബ്രറി നവീകരണം.</u>

സ്കൂൾ ലൈബ്രറി നവീകരണം, പുസ്തക വിതരണ രജിസ്റ്റർ,കുട്ടി ലൈബ്രറിയൻ, പുസ്തക വിതരണം, പുസ്തകങ്ങൾ വിവിധ തലക്കെ ട്ടോടെയുള്ള ക്രമീരണം, ബർത്ത്ഡേ പുസ്തക ശേഖരണം.

13. <u>സമീപ ഗ്രന്ഥശാലാ അംഗത്വം</u>

ഗ്രന്ഥശാലയിൽ അംഗത്വം,പുസ്തക വിതരണം വായന, എഴുത്ത് പ്രോത്സാഹനം, എന്റെ പുസ്തകം പ്രകാശനം.

14. <u>വായനോത്സവം സംഘടിപ്പിക്കൽ</u>

കുട്ടികളുടെ കൂട്ടായ്മ, യോഗം സംഘടിപ്പിക്കൽ, യോഗത്തിൽ പങ്കെ ടുത്ത എല്ലാവരും സ്വയം പുസ്തകവുമായി അനുഭവം പങ്കിടൽ, വായാനാകുറിപ്പ്, ആസ്വാദനക്കുറിപ്പ് പ്രകാശനം, അധ്യാകരുടെ പുസ്തകം പരിചയപ്പെടൽ, വായിച്ച കൃതികളുടെ രംഗാവിഷ്കാരം, (പഠനഭാഗവുമായി ബന്ധപ്പെട്ട്) ചൊൽക്കാഴ്ച നാടകങ്ങൾ എന്നിവ യുടെ അവതരണം.

15. <u>പത്ര വായന</u>

വിവിധ പത്രങ്ങൾ ക്ലാസ്സിൽ ലഭ്യമാക്കൽ പത്രക്വിസ്, വാർത്ത കണ്ടെത്തൽ-വായന-എഴുത്ത്, പത്രം തയ്യാറാക്കൽ, പുതിയ അറിവ് തയ്യാറാക്കൽ, (പാഠഭാഗവുമായി ബന്ധപ്പെട്ട്)

16. <u>അമ്മ വായന.</u>

സ്കൂൾ ലൈബ്രറിയിൽ നിന്ന് അമ്മമാർക്ക് പുസ്തകം തെരെഞ്ഞെ ടുക്കാനവസരം.-വായനമുറി-വായനാക്കുറിപ്പ് തയ്യാറാക്കൽ, മികച്ച കുറിപ്പ് കണ്ടെത്തൽ- പ്രോത്സാഹനം അമ്മ സാഹിത്യ സമാജം രൂപീ കരിക്കൽ, ശിൽപശാല

17. <u>പുസ്തക ചർച്ച- വായനാനുഭവം പങ്ക് വെയ്ക്കൽ</u>

രക്ഷിതാക്കൾ, അധ്യാപകർ, സാഹിത്യകാരമാർ എന്നിവർക്ക് സ്വാഗതം. പഠനവുമായി ബന്ധപ്പെട്ട് അധിക വായനക്ക് നൽകിയ പുസ്തകൾ പരിചയപ്പെടൽ സന്ദേശം കഥാപാത്ര നിരൂപണം സ്വാധീനം ഇഷ്ടപ്പെടാനുള്ള കാരണം എന്നിവ അവതരിപ്പിക്കൽ മാസത്തിൽ ഒരു ദിവസം

18. <u>വായനാക്കുറിപ്പ്</u>

ഓരോ പുസ്തക വായനയുടെയും കുറിപ്പ് ശേഖരിക്കുന്നു. ആവശ്യമായ കൂട്ടിച്ചേർക്കൽ നടത്തുന്നു. പതിപ്പ് പ്രകാശനം,

19. <u>വിദ്യാരംഗം കലാ സാഹിത്യ വേദി പ്രവർത്തനം.</u>

വായന എഴുത്ത് മെച്ചപ്പെടുത്താൻ വേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം പാഠഭാഗവുമായി ബന്ധപ്പെട്ടവ, സ്വന്തം സൃഷ്ടികൾ എന്നിവ പരിചയപ്പെടുത്താനവസരം വിവിധ മത്സരങ്ങൽ നടത്തൽ സാഹിത്യകാരന്മാരെ ക്ഷണിക്കൽ.

20. <u>ക്ലാസ് സ്കൂൾ ബാലസംഘങ്ങൾ</u>

ഓരോ ക്ലാസ്സിലും സ്കൂളിലും ബാലസംഘ രൂപീകരണം, സ്കൂളിൽ യോഗം സംഘടിപ്പിക്കൾ, സൃഷ്ടികൾ പരിചയം അവതരണം പ്രകാശനം .വിദ്യാലയത്തിന് പുറത്ത് ബാലസംഘങ്ങൾ രൂപീകരിക്കൽ, പൊതുജനപങ്കാളിത്തം സാഹിത്യകാരന്മാരുടെ സാന്നിധ്യം

21. <u>ദിനാചരണങ്ങൾ</u>

വായനയും എഴുത്തും പ്രോത്സാഹിപ്പിക്കുന്നതിന് ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നിരവധി പ്രവർത്തനങ്ങളും മത്സരങ്ങളും സംഘടിപ്പിക്കുക.

22. <u>ആകാശവാണി ക്ലബ്</u>

കുട്ടികളുടെ സർഗ്ഗ വികസനത്തിന് വിവിധ പരിപാടികൾ ഉൾക്കൊള്ളിച്ച് കൊണ്ട് ആകാശവാണി ക്ലബ്ബ് നടത്തുന്നു. മികച്ച പ്രകടനക്കാരെ, ക്ലാസ്സുകാരെ കണ്ടെത്തൽ പ്രോത്സാഹനം.

23. <u>സാഹിത്യകാരന്മാരുമായുള്ള സംവാദം, അഭിമുഖം</u>

സാഹിത്യ വാസന മെച്ചപ്പെടുത്താൻ, കൃതികളെ ആഴത്തിലറിയാൻ, പുസ്തക രചനാ തന്ത്രങ്ങളറിയാൻ കഥ കവിതാ രൂപീകരണം മനസ്സിലാക്കാൻ, ഇത്തരം പ്രവർത്തനങ്ങളുടെ രൂപീകരണം.

24. <u>ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും</u>

ക്ലാസ് മുറിയിൽ സ്കൂളിൽ ധാരാളം ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ ലഭ്യത വായന പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ പ്രവർത്തനം മത്സരങ്ങൾ

25. <u>വായന സാമഗ്രഹികൾ വികസിപ്പിക്കൽ</u>

LP കുട്ടികൾക്കായുള്ള വായന സാമഗ്രഹികൾ ശേഖരിക്കൽ, കുട്ടികളുടെയും രക്ഷിതാക്കളുടെയും പ്രാദേശിക എഴുത്തുകാരുടെയും അധ്യാപകരുടെയും പങ്കാളിത്തമുള്ള രചനാ ശില്പശാല സംഘടിപ്പിക്കൽ രചനകൾ സ്പൈറൽ ബൈൻഡ് ചെയ്ത് ഉപയോഗിക്കൽ

26. <u>ഈ സാധ്യത സാധ്യത കണ്ടെത്തൽ</u>

വിക്കീപീഡിയ പരിചയപ്പെടുത്തൽ, നെറ്റിൽ നിന്നും വിവരം ശേഖരിക്കാനുള്ള നൈപുണി, വായനക്കൂട്ടത്തിന്റെയും എഴുത്തുക്കൂട്ടത്തിന്റെയും നേതൃത്വത്തിൽ ബ്ലോഗ്ഗ് രൂപീകരണം, "ഇ" പേപ്പറുകൾ പരിചയപ്പെടൽ, വിവിധ കൃതികൾ കവിത എന്നിവ വീഡിയോ കാണൽ

27. <u>വായനക്കൂട്ടം ,എഴുത്ത് കൂട്ടം –മോണിറ്ററിംഗ്</u>

അധ്യാപകർ, കുട്ടി പ്രതിനിധി രക്ഷിതാക്കൾ, പ്രാദേശിക സാഹിത്യകാരന്മാർ, അധ്യാപകർ, മറ്റ് സ്കൂളിലെ അധ്യാപകർ, എന്നിവരുടെ സേവനം.

28. <u>കാവ്യക്കൂട്ടം</u>

കുട്ടികളുടെ കവിതകൾ അധ്യാപകരുടെ കവിതകൾ രക്ഷിതാക്കളുടെ കവിതകൾ സമൂഹത്തിലെ വ്യക്തികൾ ,പ്രാദേശിക സാഹിത്യകാരന്മാർ, കവികൾ മുതലായവരെ സംഘടിപ്പിച്ച് കാവ്യകൂട്ടം, സംഘടിപ്പിക്കുന്നു. (BRCയുടെ സഹായത്തോടെ)

29. എഴുത്ത് കൂട്ട രൂപീകരണം.

കുട്ടികളെ 5 വീതം എഴുത്ത് കൂട്ടങ്ങളാക്കുന്നു. വ്യക്തിഗത രചന, സംഘ രചന, എന്നിവ സംഘടിപ്പിക്കുന്നു. എഴുത്ത് ഏത് സാഹിത്യ വിഭാഗത്തിൽ മോണിറ്ററിംഗ് എന്നിവ ചർച്ച ചെയ്യുന്നു.

30. സഞ്ചരിക്കുന്ന ആസ്വാദനക്കുറിപ്പ് പുസ്തകം

ഓരോ ദിവസവും ഓരോ കുട്ടി എഴുതണം. വീട്ടിലുള്ള ആരെങ്കിലും ഒരാൾ പുസ്തകത്തെകുറിച്ച് അഭിപ്രായം രേഖപ്പെടുത്തണം, കൈമാറി കൈമാറി എല്ലാവരുടെയും രചനകളാകുമ്പോൾ അധ്യാപകരുടെ ആസ്വാദനക്കുറിപ്പും വിലയിരുത്തൽ കുറിപ്പും വീണ്ടും പ്രയാണം

31. വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ

മലയാള സാഹിത്യത്തിലെ വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ, വിവിധ ശാഖകൾ തലക്കെട്ടോടെ ലൈബ്രറി പുസ്തകം ലിസ്റ്റ് ചെയ്യൽ, വിവിധ മേഖലയിലുള്ള സൃഷ്ടി പരിചയപെടൽ വിവിധ മേഖലയിൽ സാഹിത്യ സൃഷ്ടി നടത്തൽ, വിവിധ സാഹിത്യ മേഖലയിലുള്ള വ്യ്കതികളുടെ നിഗമനം, സംവാദം, അഭിമുഖം.

32. ഇൻലന്റ് മാഗസിൻ, ചുമർ പത്രിക പതിപ്പ്

സർഗ്ഗശേഷി പരിപോഷിപ്പിക്കൽ ക്ലാസ് തലത്തിൽ ഇൻലന്റ് മാഗസിൻ ചുമർ പത്രിക പതിപ്പുകൾ തയ്യാറാക്കൽ പ്രകാശനം.

33. വായനാക്കുറിപ്പ് ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ

പഠനപ്രവർത്തനങ്ങളുമായും വായിച്ച പുസ്തകങ്ങളുമായി ബന്ധപ്പെട്ട വായനാക്കുറിപ്പും ആസ്വാദനക്കുറിപ്പും തയ്യാറാക്കൽ, പതിപ്പ് ,പ്രകാശനം

34. പൊതുവേദിയിലെ പ്രകടനങ്ങൾ

കുട്ടികളിലെ ഭയം, സഭാകമ്പം എന്നിവ മാറ്റിയെടുക്കാൻ അസംബ്ലി, റേഡിയോ ക്ലബ്, സർഗ്ഗ വേള, ബാലസംഘം എന്നിവ സംഘടിപ്പിക്കുന്നു. അവസരം നൽകുന്ന സ്വന്തം സൃഷ്ടികൾ അവതരിപ്പിക്കാൻ അവസരം. യോഗങ്ങൾ സംഘടിപ്പിക്കൽ

35. <u>വ്യക്തിഗത രചന സംഘ രചന</u>

കുട്ടികളുടെ സർഗ്ഗ ശേഷി വർദ്ധിപ്പിക്കാൻ നിരവധി രചനാ മത്സരങ്ങൾ സംഘടിപ്പിക്കുന്നു. വിലയിരുത്തൽ പുസ്തകം തയ്യാറാക്കൽ

36. <u>ഭാഷാ പ്രോജക്റ്റുകൾ</u>

ഭാഷയെ കൂടുതൽ മനസ്സിലാക്കാനും ആഴത്തിലുള്ള വായനവിവിധ പ്രോജക്റ്റുകൾ ചെയ്യുന്നു (പാഠപുസ്തകവുമായി ബന്ധപ്പെട്ടത്)

37. <u>രചയിതാക്കളെ പരിചയപ്പെടൽ</u>

അസംബ്ലിയിൽ ഒരു ഇനം ആകണം. കൃതികൾ, സംഭാവന, സവിശേഷത ഇവ പരിചയപ്പെടുത്തണം. രചയിതാവിന്റെ ചിത്രം പ്രദർശിപ്പിക്കൽ, പരിചയപ്പെടൽ കുറിപ്പുകൾ കുറിപ്പുകൾ ശേഖരിച്ച് പതിപ്പ് പവർ പോയിന്റ് അവതരണം, രചയിതാക്കളുടെ ജനന മരണ ദിനാചരണവുമായി ബന്ധപ്പെടുത്തി (പ്രതിമാസം) ജൂലൈ- ബഷീർ, ആഗസ്റ്റ്- എസ്.കെ പൊറ്റക്കാട്

38. <u>ഭിന്ന ശേഷിക്കാർക്കായുള്ള പ്രവർത്തനങ്ങൾ</u>

BRC, IED, Teachers എന്നിവരുടേ സഹായത്തോടെ ഭിന്നശേഷിക്കാർക്കായുള്ള പ്രവർത്തനം ആസൂത്രണം, നടപ്പിലാക്കൽ പ്രോത്സാഹനം, പ്രഭത്ഭരുടെ സേവനം.

39. <u>സാഹിത്യ സാംസ്കാരിക ചിത്ര ഗ്യാലറി</u>

സാഹിത്യകാരന്മാരുടെ ചിത്രങ്ങൾ, പുസ്തകങ്ങൾ, മഹത് വചനങ്ങൾ, ജീവചരിത്രക്കുറിപ്പുകൾ, കവിതകൾ, ആസ്വാദനക്കുറിപ്പുകൾ എന്നിവ പ്രദർശിപ്പിക്കൽ, ആർട്ട് ഗ്യാലറി സന്ദർശിക്കൽ

| Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ (മലയാളത്തിളക്കം, നിറവ്) | ➢ പ്രീ ടെസ്റ്റ്<br>• അക്ഷരം ഉറപ്പിക്കൽ<br>• അടയാളം ഉറപ്പിക്കൽ<br>• അക്ഷര കാർഡ് നൽകൽ<br>• വാക്കുകൾ എഴുതിയ കാർഡ്<br>• വാക്കുകൾ നിർമ്മിക്കുന്നു<br>• വാക്യങ്ങൾ നിർമ്മിക്കുന്നു<br>• ചിത്രം – അടിക്കുറിപ്പ്<br>• ചിത്രം – കഥ പറയൽ<br>• ചിത്രം – കഥ എഴുതൽ<br>• കഥ – ബാക്കി എഴുതൽ<br>• കഥാപുസ്തകം നൽകൽ<br>• CD ൽ ഒരു ചിത്രം നൽകി വാക്യങ്ങൾ എഴുതൽ<br>• ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ് | 2 Months<br>Aug -Sep | പുസ്തകങ്ങൾ<br>C D | BRC<br>DIET<br>SCERT<br>P.T.A<br>BRC IED Trainers PTA |

CMLPS

| Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|
| കുട്ടിയെ മികച്ച വായനക്കാരനാക്കുക | ➢ ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>• വായനമൂല,ക്ലാസ്ലൈബ്രറിരൂപീകരിക്കൽ<br>• സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>• സമീപ ഗ്രന്ഥശാല അംഗത്വം<br>• വായനോത്സവം സംഘടിപ്പിക്കൽ<br>• പത്രവായന<br>• പുസ്തക ചർച്ച<br>• വായനാനുഭവം പങ്കുവയ്ക്കൽ<br>• വായനാക്കുറിപ്പ് പതിപ്പ്<br>• വിദ്യാരംഗം കലാ സാഹിത്യ വേദി പ്രവർത്തനം ക്ലാസ് സഭ<br>• സ്കൂൾ സഭ, ബാലസഭ<br>• ദിനാചരണങ്ങൾ<br>• ആകാശവാണി ക്ലബ് | 6 months | ക്ലാസ് ലൈബ്രറി<br>സ്കൂൾ ലൈബ്രറി<br>ഗ്രന്ഥശാല<br>പത്രങ്ങൾ<br>വായന മൂറി | BRC<br>SCERT<br>ഗ്രന്ഥശാല<br>P.T.A<br>BRC |

CMLPS

| | | | | |
|---|---|---|---|---|
| | • സാഹിത്യകാരന്മാരുമായുള്ള അഭിമുഖം<br>• ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും<br>• ആസ്വാദമായ വായന<br>• വായനാസാമഗ്രികൾ വികസിപ്പിക്കൽ<br>• ഇ-വായന<br>• പുസ്തകം ഒരുക്കൽ | | ഇന്റർനെറ്റ്<br>കമ്പ്യൂട്ടർ | |
| കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | ➢ എഴുത്തുകൂട്ട രൂപീകരണം<br>• പുസ്തക ചർച്ച<br>• ക്ലാസ് ലൈബ്രറി<br>• വായനക്കുറിപ്പ് പതിപ്പ്<br>• സഞ്ചരിക്കുന്ന ആസ്വാദനക്കുറിപ്പ് പുസ്തകം<br>• വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ | 6 months | ലൈബ്രറി | BRC<br>DIET |

| | | | | |
|---|---|---|---|---|
| | • ഇൻവന്റ് മാഗസിൻ, ചുമർ പത്രിക, പതിപ്പ് തയ്യാറാക്കൽ<br>• സർഗ്ഗ സൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ<br>• എഴുത്തുകൂട്ടം മോണിറ്ററിംഗ്<br>• വായനാക്കുറിപ്പ്, ആസ്വാദനക്കുറിപ്പ്<br>• ബാലസഭ<br>• പൊതുവേദികളിൽ സംസാരിക്കാനുള്ള കഴിവ്<br>• വ്യക്തിഗത രചന, സംഘ രചന<br>• ഭാഷാ പ്രോജക്ട്<br>• രചയിതാക്കളെ പരിചയപ്പെടൽ<br>• സാഹിത്യകാരന്മാരുമായുള്ള അഭിമുഖം<br><br>*അക്ഷര മിത്രം* | | പുസ്തകങ്ങൾ | SCERT<br>P.T.A |

CMLPS

## ഗണിതം ഭാഷ പരിപോഷണപദ്ധതി

### ആമുഖം

ഗണിതപ്രവർത്തനങ്ങൾ ജീവിതത്തിൽ ഒഴിച്ച് കൂടാൻ പറ്റാത്ത ഒന്നാണല്ലോ .ഭാഷയിലും ശാസ്ത്രത്തിലും മറ്റ് ഇതര പ്രവർത്തനങ്ങളിൽ അവബോധം നേടിയെടുക്കുമ്പോൾ ഗണിതം പിൻതള്ളിപോകാതെ മുഖ്യധാരയിൽ എത്തിക്കേണ്ടത് നമുക്കാവശ്യമാണ് നമുക്കാവശ്യമാണ് . ജീവിതത്തിൽ ഓരോ വ്യക്തിക്കും ഒഴിച്ചുകൂടാൻ പറ്റാത്ത ഒന്നാണ് ഗണിത പ്രവർത്തനങ്ങൾ. ഗണിതം ഇല്ലാതെ ജീവിതത്തിൽ ഒന്നുമില്ല എന്ന് തന്നെ പറയാം. ഗണിതം പാട്ടിലൂടെയും കളികളിലൂടെയും ആസ്വാദ്യമാക്കാവുന്നതാണ്. പലതരത്തിൽ ഗണിതാശയങ്ങൾ നേടിയെടുക്കാൻ സാധ്യമയക്കുന്ന തരത്തിൽ തന്നെയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ അവതരിപ്പിക്കുന്നത്.

### ലക്ഷ്യങ്ങൾ

* ഗണിതപഠനം ലളിതവും രസകരമാക്കുക
* ICT സാധ്യതകൾ പരമാവധി ഉപയോഗിച്ച്ഗണിതപഠനം ലളിതമാണെന്നു കുട്ടിയെ ബോധ്യപ്പെടുത്തുന്നു.
* ദൈനദിന ജീവിത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സങ്കലനം, വ്യവകലനം, ഗുണനം, ഹരണം, എന്നിവ സഹായകമാകുന്നുവെന്നു കുട്ടികൾ തിരിച്ചറിയുന്നു.

* വസ്തുക്കളെ ഗണിതാശയങ്ങൾ ഉൾപ്പെടുത്തി അപഗ്രഥിക്കാനും വ്യാഖ്യാനിക്കാനുമുള്ള കഴിവ് കുട്ടികളിൽ വളർത്തണം .

*ഗണിതത്തെ കൂടുതൽ ആസ്വാദ്യകരമായ വിഷയമാക്കി തീർക്കാനും പിന്നോക്കാവസ്ഥ പരിഹരിക്കാനുമായിട്ടുള്ള ഗണിതവിജയം, ഉല്ലാസഗണിതം നടപ്പാക്കുക .

## ഗണിത പഠനം പ്രശ്നങ്ങൾ

**അക്കാദമികം**

* മുതൽ  വരെയുള്ള ക്ലാസ്സുകളിലെ എല്ലാകുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച ആശയങ്ങളും ശേഷികളും നേടാൻ കഴിയുന്നില്ല.

*കുട്ടികൾക്ക് ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ധാരണയില്ല.

*പ്രക്രിയാബന്ധിതവും ഐ. സി. ടി. അധിഷ്ഠിതമായും പാഠാസൂത്രണം നടത്തുന്നതിന് പരിമിതിയുണ്ട്.

*പഠനോപകരണം സ്വയം തയ്യാറാക്കുന്നതിന്റെ ധാരണക്കുറവ്.

**ഭൗതികം**

* ക്ലാസ്സ്മുറികൾ പ്രവർത്തനാധിഷ്ഠിത പഠനത്തിനും ഐ. സി. ടി. അധിഷ്ഠിത പഠനത്തിനും അനുയോജ്യമല്ല.

* ഗണിത ലാബിന്റെ അഭാവം.

* ആവശ്യമായ പഠനോപകാരങ്ങളുടെ കുറവ്.

**സാമൂഹികം**

*സമൂഹത്തിലെ ഗണിതവൈവിധ്യം ഫലപ്രദമായി സ്കൂളിൽ

CMLPS

ഉപയോഗിക്കാൻ കഴിയുന്നില്ല.

| പ്രശ്നങ്ങൾ | പരിഹാരനിർദേശം | പ്രവർത്തനങ്ങൾ |
|---|---|---|
| * പ്രശ്നാപഗ്രഥന രീതിയിൽ ക്രിയകൾ ചെയ്യാൻ കഴിയുന്നില്ല | * പ്രീ-ടെസ്റ്റ് നടത്തൽ<br>*നിത്യജീവിതവുമായി ഗണിതാശയങ്ങൾ ബന്ധപ്പെടുത്തൽ.<br>*താഴ്ന്ന ക്ലാസ്സുകളിലെ അടിസ്ഥാന ശേഷികൾ ഉറപ്പുവരുത്തുന്നു.<br><br>*എല്ലാകുട്ടികളെയും പരിഗണിച്ച് കൊണ്ടുള്ള പാഠാസൂത്രണം.<br>*ആശയ വിനിമയത്തിനു സഹായകരമായ പഠനോപകരണങ്ങൾ നിർമ്മിക്കൽ.<br>*സ്വയം പഠനത്തിന് സഹായകരമാകുന്ന പഠനോപകരണങ്ങൾ പ്രവർത്തനങ്ങൾ എന്നിവ ആസൂത്രണം ചെയ്യുക.<br>*ഗണിതലാബ് , ഗണിതകിറ്റ് ,ഗണിതക്ലബ് , പ്രവർത്തനങ്ങൾ | *പ്രീ-ടെസ്റ്റ്<br><br>*ക്ലാസ് തലത്തിൽ ഗ്രൂപ്പടിസ്ഥാനത്തിൽ വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യൽ.<br><br>*സ്വയംപഠനത്തിനുള്ള വർക്ക്ഷീറ്റ് തയ്യാറാക്കൽ<br><br>*സൂചനകളിൽ നിന്ന് ചോദ്യങ്ങൾ ഉണ്ടാക്കൽ .<br><br>* സമയബന്ധിതമായ ക്ലാസ് പി. ടി.എ വിളിച്ച് ചേർത്ത് കുട്ടികളുടെ പഠനനിലവാരം എന്നിവ രക്ഷിതാക്കളുമായി പങ്കുവെക്കുക. |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഒന്ന മുതൽ നാലാം ക്ലാസ് വരെയുള്ള കുട്ടികളിൽ സംഖ്യാബോധംചതുഷ്ക്രിയകൾ ഇവ ഉറപ്പിക്കൽ | അബാക്കസ്, സംഖ്യാകിറ്റുകൾ, സംഖ്യാകാർഡുകൾ തുടങ്ങിയവ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ | ആഗസ്റ്റ് | ഗണിത അധ്യാപിക | |
| കുട്ടികളിൽ യുക്തി ചിന്ത, മനക്കണക്ക് ഇവയിൽ പ്രാവിണ്യം നേടുന്നതിന് | യുക്തിചിന്ത, മനക്കണക്ക് ഇവ വളർത്തുന്നതിനം പ്രോത്സാഹിപ്പിക്കുന്നതിനം ആവശ്യ മായ പ്രവർത്തനങ്ങൾ അധ്യാപിക ബോധപൂർവ്വം ആസൂത്രണം ചെയ്ത് നടപ്പാക്കുന്നു. | ജൂലൈ മാർച്ച് | ഗണിത അധ്യാപിക | |
| ഭാരമളക്കൽ,നീളമളക്കൽ,ദൂരമളക്കൽ തുടങ്ങിയ പ്രക്രിയാശേഷികൾ വികസിപ്പിക്കുന്നതിന് | ക്ലാസ്അന്തരീക്ഷം, വിദ്യാലയ അന്തരീക്ഷം തുടങ്ങിയ പാഠഭാഗങ്ങൾക്കനുസൃതമായി വിഷയബന്ധിതമാകുക. ടീച്ചിംഗ് എയ്ഡ്സ് ലഭ്യമാക്കുക. | ജൂൺ മാർച്ച് | SRG<br>PTA<br>SMC | |

| | | | | |
|---|---|---|---|---|
| ഗണിത പ്രവർത്തന ഫലമായി ക്ലാസ് മുറികളിൽ കുട്ടികൾ രൂപീകരിക്കുന്ന പസിലുകൾ, പാറ്റേണുകൾ,മാന്ത്രികചതുരങ്ങൾ ഇവ ഉൾപ്പെടുത്തി ഗണിത പസിലുകൾ, മാഗസിനുകൾ എന്നിവ നിർമ്മിക്കൽ | മാഗസിൻ തയ്യാറാക്കൽ | ഡിസംബർ | ഗണിത അധ്യാപിക രക്ഷിതാക്കൾ | |
| ഗണിതത്തിൽ താല്പര്യം വളർത്താൻ | ഗണിതശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രങ്ങൾ,ഗണിത കൗതുകങ്ങൾ,പുസ്തകങ്ങൾ, ഗണിത മാഗസിനുകൾ, പതിപ്പുകൾ ഇവയുടെനിർമ്മാണം.<br>നിത്യജീവിതാനുഭവ വുമായി ഗണിതത്തെ ബന്ധപ്പെടുത്തുക | ഡിസംബർ ജനുവരി | ഗണിത അധ്യാപിക SRG | |
| ഗണിത പഠന പ്രവർത്തനങ്ങൾ ഫലപ്രദമായി ചെയ്യുന്നതിനും പഠന നേട്ടം ഉറപ്പാക്കാനും ഓരോ ക്ലാസിലും ഓരോ ക്ലാസ് കോർണർ | മാത്സ് കോർണറിൽ ഉൾപ്പെടുത്തേണ്ട പുസ്തകങ്ങൾ ഗണിത പഠന സാമഗ്രികൾ, സഹായികൾ എന്നിവ ശേഖരിക്കൽ, മാത് സ് കോർണർ സജീകരിക്കൽ<br>*ഗണിതം ലളിതം* | ജനുവരി | ഗണിത അധ്യാപിക | |

CMLPS

# LOVELY ENGLISH

## INTRODUCTION

The goal is for the first garden to handle English fluently.The first garden must go from small word to big word . Must be able to read write and speak English with it. No child shout be able to speak English fluently like malayalam. We have to keep our world language English ,close to our hearts.

The academic Master plan is designed to ensure that not a single child goes literate or illiterate

## AIM

To Liston, Speak , Read, and Write English with out any mistakes

Time :- June –March

* Pretest
* To check the vocabulary and writing skill of pupils.

## JULY AND AUJUST

* To develop listening skills and speaking skills

### Listening skills

* Games, Action songs Hello English activites
* Conversation ,skit, stories Use ITC

## Speaking skills

* Identify the naming word from the picture .
* Identify the action word from the same picture
* Make simple sentences using the action word and naming word about the picture.
* Growing sentences, picture reading, self introduction Asswmbly are also conducted.

### ACTIVITES

Speech ,book review, quiz, riddles, self introduction school radio etc

### SEPTEMBER

Develop the creative speaking and writing

### READING SKILL

* News paper reading ,library books reading ,book review ,reading breaking news
* Find words.
* Collect and read past tense
* Rhyming words
* Describing words etc
* Testbook activites

### WRITING SKILL

* Make word web
* Picture description with describing words
* Word chain sentence chain
* Make word and sentence
* Make riddile , conversation
* Add more line

ACTIVITIES

Spesch ,book review quiz , riddles, self, introduction ,school radio, makes description magazines etc

**OCTOBER – NOVEMBER**

TO EXPRESS THOUGHTS FEELING ETC

**Reading skill**

* New paper reading ,library books reading, book review, reading
* Conversations, skit, stories, use ICT materials.
* Reading breaking news
* Develop story
* Read notice

**DECEMBER - JANUARY**

Develop the creative speaking and writing

**READING SKILL**

* News paper reading, library books reading, book review, reading
* Conversation, skit, stories, use ICT materials
* Reading breaking news
* Develop story
* Reads diary
* Reads letters from friends

**WRITING SKILL**

* Diary
* Letter
* Announcement

## ACTIVITIES

Speech , quiz riddles, school radio, makes, magazines, skits, class room post office etc February and march

**To improve the presentation power**

## READING SKIT

* New paper reading, library books reading ,book review,reading
*Conversation, skit ,stories use ICT materials
*Reads breaking news
*Develop story
*Reads diary
*Reads letters friends

## WRITING SKILL

*Diary
*Letter
*Announcement
*Description
*Notice proclamation
*Thought

## ACTIVITIES

Speech quiz riddles, school radio makes magazines, skits, class room post office , exhibition etc.

CMLPS

| Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|
| ഇംഗ്ലീഷിനോട് താൽപര്യം ജനിപ്പിക്കുന്നതിന് | ▪ "Sweet English' കേൾക്കുവാനും പറയുവാനും ധാരാളം അവസരം നൽകുന്നു.<br>▪ കഥകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കൽ, ആക്ഷൻ സോങ്ങ് കണ്ടും കേട്ടും പഠിക്കാൻ (ICT)<br>▪ ഇംഗ്ലീഷ് പിരീഡിൽ ഇംഗ്ലീഷിൽ മാത്രമുള്ള ആശയവിനിമയം<br>▪ ഇംഗ്ലീഷ് സിനിമകൾ കാണിക്കുക<br>▪ English Games | Year | Class Teacher | |
| Reading | Picture-Word-Sentence Cards<br>Short stories and Rhymes<br>Letters-Cat-Cut (Game) | One year | SRG | |
| Writing | Small description<br>Add more lines<br>Picture description | | | |

CMLPS

| | | | | |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷാ നൈപുണ്യം വർദ്ധിപ്പിക്കുന്നതിന് | English Balasabha<br>English Assembly<br>മികച്ച രചനകൾ, പാട്ടുകൾ, സ്കിറ്റുകൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരണം<br>ഇംഗ്ലീഷിൽ ലഘുപ്രസംഗങ്ങൾ<br>കഥ പറയൽ<br>സെൽഫ് ഇൻട്രൊഡക്ഷൻ<br>ക്ലാസിൽ ഡയറി, വായന, വായനക്കുറിപ്പ്<br>ഇംഗ്ലീഷ് സ്കിറ്റ്<br>ഇംഗ്ലീഷ് നാടകം | | | |

CMLPS

# പരിസര പഠനം

സാമൂഹ്യ പ്രതിബദ്ധതയെ വിളിച്ചോതുന്നതാവണം ഓരോ പാഠഭാഗങ്ങളും അതിലെ ഓരോ പ്രവർത്തനങ്ങളും. പാഠഭാഗങ്ങൾ ഉൾക്കൊണ്ട് മനസുമായി സാമൂഹ്യ നന്മയ്ക്ക് തന്റേതായ സംഭാവനകൾ കൈമാറാൻ പ്രാപ്തനാവണം നമ്മുടെ മുമ്പിലുള്ള ഓരോ കുട്ടിയും. മണ്ണിനെയും വിണ്ണിനേയും തൊട്ടറിഞ്ഞ ഹൃദയത്തിന്റെ ഉടമകളാവണം ഇനി വരുന്ന തലമുറ. അതുകൊണ്ട് തന്നെ പഠന പ്രവർത്തനങ്ങൾ രസകരവും ക്രിയാത്മകവുമായാണ് ആസൂത്രണം ചെയ്തിട്ടുള്ളത്.

## ലക്ഷ്യങ്ങൾ:

- മണ്ണിനെയും വിണ്ണിനേയും അറിയുക.
- ജീവികളെയും ജൈവവൈവിധ്യങ്ങളെയും അറിയുക.
- സാമൂഹ്യബോധം വളർത്തുക
- മാറുന്ന ലോകത്തിന്റെ മാറ്റത്തിനനുസരിച്ച് കുട്ടിയെ വാർത്തെടുക്കുക

| Programme | Activity | Duration | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|
| ❖ നിരീക്ഷണം, താരതമ്യം, വർഗീകരണം, പരീക്ഷണം, നിഗമനം തുടങ്ങിയ പ്രക്രിയാ ശേഷികളിലൂടെ ശാസ്ത്ര പഠനം സാധ്യമാക്കുന്നതിനും പഠന താല്പര്യം വർദ്ധിപ്പിക്കുന്നതിനും | ❖ ശാസ്ത്രമൂല ഒരുക്കൽ<br>❖ വിവിധ പ്രവർത്തനങ്ങൾക്കാവശ്യമായ (വാർത്തകൾ, ചിത്രങ്ങൾ, പരീക്ഷണ സാമഗ്രികൾ, തൂവലുകൾ, പഴങ്ങൾ, പച്ചക്കറികൾ, വിത്തുകൾ, പുസ്തകങ്ങൾ കണ്ടെത്തൽ<br>❖ ക്ലാസിൽ പരീക്ഷണം ചെയ്യൽ<br>❖ പരീക്ഷണ സാമഗ്രികളുടെ ശേഖരണം | 1 Year | PTA<br>SRG | |
| ❖ ലഘു പരീക്ഷണങ്ങളിലൂടെ ശാസ്ത്രീയ കണ്ടുപിടിത്തങ്ങളെ | ❖ ലഘു പരീക്ഷണങ്ങൾ<br>❖ കണ്ടെത്തൽ, ക്ലാസിൽ പരീക്ഷണം ചെയ്യൽ<br>❖ പരീക്ഷണ സാമഗ്രികളുടെ ശേഖരണം | From October | Class Teacher | |

CMLPS

| | | | | |
|---|---|---|---|---|
| ❖ ലഹരിവിരുദ്ധ വിദ്യാലയ പ്രവർത്തനങ്ങൾ<br><br>❖ സ്കൂൾ സ്ഥിതി ചെയ്യുന്ന പഞ്ചായത്തെങ്കിലും പ്ലാസ്റ്റിക്ക് വിരുദ്ധ പഞ്ചായത്തായി പ്രഖ്യാപിക്കൽ<br><br>❖ കുട്ടി ശാസ്ത്രജ്ഞരെ വാർത്തെടുക്കൽ<br><br>❖ ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട് വിവരങ്ങൾ സ്വയം ശേഖരിക്കാനും അവതരിക്കാനും | ❖ വിദ്യാർത്ഥികൾ, അധ്യാപകർ, സയൻസ് ക്ലബ്, ലഹരി വിരുദ്ധ ക്ലബ്, മറ്റ് ഏജൻസികൾ<br><br>❖ അധ്യാപകർ, വിദ്യാർത്ഥികൾ, മറ്റ് ഏജൻസികൾ, പഞ്ചായത്ത് ഭാരവാഹികൾ, രാഷ്ട്രീയ സാംസ്കാരിക പ്രമുഖർ<br><br>❖ അക്കാദമിക പ്രവർത്തനങ്ങളെ അതിനനുസൃതമായ രീതിയിൽ ചിട്ടപ്പെടുത്തുന്നു.<br><br>❖ സെമിനാർ, ശില്പശാല, പാനൽ ഡിസ്കഷൻ, ഡിബേറ്റ് | 2 Years | | |

CMLPS

| | | | | |
|---|---|---|---|---|
| ❖ വ്യക്തികളുമായി സംവദിക്കുന്നതിന് | ❖ അഭിമുഖം | | | |
| ❖ ഒന്നു മുതൽ നാല് വരെ ക്ലാസുകളിലെ പരിസര പഠന പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിനും, പഠനനേട്ടം ഉറപ്പാക്കുന്നതിനും ശാസ്ത്രമൂല ഉറപ്പാക്കൽ | ❖ പ്രസ്തുത ക്ലാസുകളിലേക്കുള്ള ശാസ്ത്രപഠനത്തിന് സഹായകമായി ശാസ്ത്രമേഖലയിൽ ഉണ്ടായിരിക്കേണ്ട ലിസ്റ്റ് തയ്യാറാക്കൽ | June First week | Class Teacher | |
| | ❖ തയ്യാറാക്കിയ ലിസ്റ്റിലെ സാമഗ്രികൾ വാങ്ങൽ | July Last week | SRG Convener | |
| | ❖ ശാസ്ത്ര പഠനാന്തരീക്ഷം Wonder wall ഇവ ക്ലാസിൽ ഒരുക്കൽ | June- July | SRG | |
| | ❖ PTA യോഗത്തിൽ ശാസ്ത്രമൂല സംബന്ധിച്ച അവതരണം സാമഗ്രികളുടെ ശേഖരണം | July | PTA<br>Class Teacher | |
| | ❖ ശാസ്ത്രമൂല ക്രമീകരിക്കുവാൻ ആവശ്യമായ ക്രമീകരണം, അലൂമിനിയം ഫാബ്രിക്കേഷൻ ഉപയോഗിച്ച് അലമാര | August | PTA<br>HM | |
| | ❖ ശാസ്ത്ര സാഹിത്യ പുസ്തകങ്ങൾ ക്ലാസ് നിലവാരത്തിനുള്ളത് വാങ്ങൽ | August | PTA<br>Teachers | |

CMLPS

# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2022-2027

## ചോമ്പാൽ എം. എൽ. പി. സ്കൂൾ

### ചോമ്പാൽ സബ്ജില്ല

